(ബി) എല്ലാ പഞ്ചായത്തുകളിലും മേൽ സൂചിപ്പിച്ച പദ്ധതികൾ നടപ്പാക്കുന്നുണ്ട്. സുവർണ്ണ ജൂബിലി മൈത്രി ഭവന പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പാക്കേണ്ടതെന്നു തീരുമാനിച്ചിട്ടില്ല. ഈ പദ്ധതിക്കായി 10 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

6 (2384) ഹരിജൻ കോളനികളിൽ വൈദ്യുതി എത്തിക്കാൻ നടപടി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഹരിജൻ കോളനികളിലും വൈദ്യുതി എത്തിക്കുവാൻ എന്തെങ്കിലും പുതിയ നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ കേരളത്തിലെ എല്ലാ ഹരിജൻ കോളനികളിലും വൈദ്യുതി എത്തിക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)ആന്റ്(ബി) പ്രത്യേകിച്ച് നിർദ്ദേശമൊന്നും പരിഗണനയിലില്ല. പക്ഷെ വൈദ്യുതി ഇപ്പോൾ ലഭ്യമല്ലാത്ത എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കാനാണ് ശ്രമിച്ചു വരുന്നത്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

7 (2385) സ്പിൽ ഓവർ വർക്കുകളുടെ നടത്തിപ്പ്

ശ്രീമതി ആർ ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.പി.യിലെ സ്പിൽ ഓവർ വർക്കുകളുടെ നടത്തിപ്പിന് ഗവൺമെന്റ് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കൊല്ലം ജില്ലയിൽ ഈ സ്കീമിൽപ്പെടുത്തിയ റോഡ് പുനരുദ്ധാരണത്തിനുള്ള എത്ര വർക്കുകളാണ് സ്പിൽ ഓവറായി ഉള്ളത്;

(സി) ചടയമംഗലം മണ്ഡലത്തിലെ ആറ്റുപുറം പാലോണം റോഡ് എസ്.സി.പിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്താൻ ഉത്തരവായത് എന്നാണെന്ന് അറിയിക്കുമോ;

(ഡി) വർഷങ്ങളായി റോഡുപണി ഇഴഞ്ഞു നീങ്ങുകയാണെന്ന് സർക്കാരിനറിവുണ്ടോ;

(ഇ) ഈ വർക്ക് നടത്താൻ ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്;

(എഫ്) പണി പൂർത്തീകരിക്കാനുള്ള തടസ്സം എന്താണെന്നത് അറിയിക്കുമോ;

(ജി) എന്നേക്ക് തടസ്സം നീക്കി പണി പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly